**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 972** **12-06-2024 - ൽ മറുപടിയ്ക്ക്**

**കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ കക്കയം വനമേഖലയിൽനിന്നും വന്യജീവികൾ കൂട്ടമായി ജനവാസകേന്ദ്രങ്ങളിലിറങ്ങി മനുഷ്യജീവനും കൃഷിക്കും ഭീഷണിയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.<br><br>കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ കക്കയം പ്രദേശത്ത് കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷിയിടങ്ങളിൽ ഇറങ്ങുന്നതായി വിവരം ലഭിച്ചാൽ ഉടൻ തന്നെ വനം വകുപ്പ ജീവനക്കാരും വാച്ചർമാരും സ്ഥലത്തെത്തി ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ കാട്ടിലേക്ക് തിരിച്ചു വിടാറുണ്ട്. കക്കയത്ത് വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിനായി നിലവിലുള്ള സൗരോർജ്ജ വേലി അറ്റകുറ്റപണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഭാഗങ്ങളിൽ വന്യമൃഗങ്ങൾ ജനവാസമേഖലയിൽ ഇറങ്ങുന്നത് തടയാൻ മെച്ചപ്പെട്ട സൗ രോർജ്ജ തൂക്കുവേലികൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.<br><br>കൂരാച്ചുണ്ട് പഞ്ചായത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി ജനപങ്കാളിത്തത്തോടെ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരികയണ്. പെരുവണ്ണാമൂഴി റെയിഞ്ചിൽ നബാർഡ് ധനസഹായത്തോടെ 18 കി. മീ. സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുകൂടാതെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് വനം ഡിവിഷനിലും പെരുവണ്ണാമൂഴി റെയിഞ്ച് ഉൾപ്പെടെ മൂന്നു റെയിഞ്ചുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | കക്കയം വനമേഖലയിൽനിന്നും വന്യജീവികൾ ജനവാസമേഖലയിലേക്കിറങ്ങുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.<br><br>കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ കക്കയം പ്രദേശത്ത് കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷിയിടങ്ങളിൽ ഇറങ്ങുന്നതായി വിവരം ലഭിച്ചാൽ ഉടൻ തന്നെ വനം വകുപ്പ ജീവനക്കാരും വാച്ചർമാരും സ്ഥലത്തെത്തി ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ |

| | | | |
|---|---|---|---|
| | | | കാട്ടിലേക്ക് തിരിച്ചു വിടാറുണ്ട്. കക്കയത്ത് വന്യമൃഗ-ങ്ങളെ പ്രതിരോധിക്കുന്നതിനായി നിലവിലുള്ള സൗരോർജ്ജ വേലി അറ്റകുറ്റപണികൾ നടത്തുന്നതി-നുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഭാഗങ്ങളിൽ വന്യമൃഗങ്ങൾ ജനവാസമേഖലയിൽ ഇറങ്ങുന്നത് തടയാൻ മെച്ചപ്പെട്ട സൗ രോർജ്ജ തൂക്കുവേലികൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.<br><br>കൂരാച്ചുണ്ട് പഞ്ചായത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ വിലയി-രുത്തി ജനപങ്കാളിത്തത്തോടെ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. പെരുവണ്ണാമൂഴി റെയിഞ്ചിൽ നബാർഡ് ധനസഹായത്തോടെ 18 കി. മീ. സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതി-നുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുകൂടാതെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് വനം ഡിവിഷനിലും പെരുവ-ണ്ണാമൂഴി റെയിഞ്ച് ഉൾപ്പെടെ മൂന്നു റെയിഞ്ചുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ? | (സി) | മനുഷ്യ-വന്യമൃഗ സംഘർത്തിൽ പരിക്കേറ്റവരുടേയും മരണപ്പെട്ടവരുടേയും ആശ്രിതർ നഷ്ടപരിഹാരത്തി-നായി അപേക്ഷ സമർപ്പിക്കുന്ന മുറയിൽ ചട്ടപ്രകാരം പരിശോധന നടത്തി അർഹമായ നഷ്ടപരിഹാരം അനുവദിക്കുകയും ആയത് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷകരുടെ അക്കൗണ്ടുകളിലേക്ക് കൈമാറു-കയും ചെയ്യുന്നു. കക്കയം ഭാഗത്തുവച്ച് കാട്ടുപോ-ത്തിന്റെ ആക്രമണത്തിൽ മരണപ്പെട്ട വ്യക്തിയുടെ മക്കൾക്ക് വനംവകുപ്പിൽ താല്കാലികമായ ജോലി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ